## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1209 20.03.2012 - ൽ മറുപടിക്ക്

### റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകൾ, റോഡ് ഇംപ്രൂവ്മെന്റ് പ്രൊജക്ടിൽ (എസ്.ആർ. ഐ.പി) ഉൾപ്പെടുത്താനുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കാമോ | (എ) | സംസ്ഥാന റോഡു വികസന പദ്ധതി (SRIP) -യിൽ ഉൾപ്പെടുത്തേണ്ട റോഡുകളുടെ സാധ്യതാപഠനം നടത്തുന്നതിനായി ബാംഗ്ളൂർ ആസ്ഥാനമായ വിൽബർസ്മിത്ത് അസോസിയേറ്റ്സ് എന്ന കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. പദ്ധതി നടപ്പാക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള ഒരു കമ്പനി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. റോഡ് ഇൻഫ്രാസ്ട്രക്ടർ കമ്പനി കേരള ലിമിറ്റഡ് എന്ന നിർദ്ദിഷ്ട കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും അംഗീകരിച്ചു കഴിഞ്ഞു. കമ്പനി രൂപീകരിക്കുന്നതിനുള്ള അപേക്ഷ കമ്പനി രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കമ്പനിയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | ഇതോടൊപ്പം കൺസൾട്ടന്റ് തയ്യാറാക്കിയ സാധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1280 കി.മീ. റോഡുകളുടെ ഒരു ചുരുക്ക പട്ടിക തയ്യാറാക്കിക്കഴിഞ്ഞു. ഇതിൽ നിന്നും അന്തിമമായ തെരഞ്ഞെടുപ്പ് ഉടൻ നടത്തുന്നതാണ്. |
| (ബി) | റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകൾ ഉൾപ്പെടുത്തണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ വിശദ വിവരം വെളിപ്പെടുത്താമോ? | (സി) | പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ശുപാർശ ചെയ്യപ്പെട്ട എലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ പട്ടികയും ഇതിനു വേണ്ടി പ്രത്യേകമായി നിയമിക്കപ്പെട്ട കൺസൾട്ടന്റിന് അയച്ചു കൊടുക്കുകയുണ്ടായി. നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് കൺസൾട്ടന്റ് നടത്തിയ സാധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റോഡുകളുടെ തെരഞ്ഞെടുപ്പ് നടത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**